**സൗമ്യ സാം**
ബി.എ. ഫൈനൽ ഇയർ (കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്)
സെന്റ് ജോൺസ് കോളേജ്, അഞ്ചൽ, കൊല്ലം

വിദ്യാഭ്യാസ രംഗത്ത് ഒരു വിപ്ലവം സൃഷ്ടിച്ചുകൊണ്ട് മുന്നേറുന്ന ഒരു സമ്പൂർണ്ണ വിദ്യാഭ്യാസ ചാനലാണ് വിക്ടേഴ്സ്. ആബാലവൃദ്ധം ജനങ്ങൾക്കും ഒരുപോലെ അറിവ് പകരുന്ന ഈ ചാനൽ വിദ്യാഭ്യാസത്തിന്റെ ആക്കം കൂട്ടാൻ സഹായിക്കുന്നു. അതുകൊണ്ട് തന്നെ മറ്റ് ദൃശ്യമാധ്യമങ്ങളിൽ നിന്നും ഈ ചാനൽ വേറിട്ട് നില്ക്കുന്നു. 17 മണിക്കൂർ തുടർച്ചയായാണ് ഇതിൽ വിദ്യാഭ്യാസ പരിപാടികൾ സംപ്രേഷണം ചെയ്യുന്നത്.

17.12.2008 ൽ സംപ്രേഷണം ചെയ്ത പരിപാടികൾ അവലോകനം ചെയ്യുക എന്നതായിരുന്നു എന്റെ ദൗത്യം. വളരെ നല്ല നിലവാരം പുലർത്തിയ പരിപാടി കളായിരുന്നു ഈ ദിവസം സംപ്രേഷണം ചെയ്തത്.

ഐ.ടി. - ഹാർഡ്വെയർ ക്ലിനിക് എന്ന പ്രോഗ്രാം വളരെ പ്രയോജനപ്രദ മായിരുന്നു. സാധാരണ ഐ.ടി. പ്രോഗ്രാമുകൾ കമ്പ്യൂട്ടറിന്റെ പഠനത്തെക്കുറിച്ച് മാത്രം പ്രതിപാദിക്കുമ്പോൾ അതിനു വരുന്ന തകരാറുകളും അത് എങ്ങനെ ദൂരീ കരിക്കാം എന്ന് കാണിക്കുന്നതുമാണ് ഇതിനെ വ്യത്യസ്തമാക്കുന്നത്.

അടുത്തതായി സംപ്രേഷണം ചെയ്ത പാഠഭേദം എന്ന പരിപാടി പ്ലാസ്റ്റിക്കിന്റെ ദോഷ ഫലങ്ങളെക്കുറിച്ച് വളരെ വ്യക്തമായി മനസ്സിലാക്കുന്ന തിനുതകുന്നവയായിരുന്നു. കുട്ടികൾക്ക് കാര്യങ്ങൾ വേഗം ഹൃദയത്തിലേക്ക് പകർത്താൻ തക്ക പാകതയുള്ള ഇത്തരം പരിപാടികളെ പ്രത്യേകം പ്രോത്സാഹി പ്പിക്കേണ്ടതാണ്.

'നിറങ്ങളുടെ രാജാവ്' എന്ന തലക്കെട്ടോടുകൂടിയ രവിവർമ്മയെക്കുറിച്ചു ള്ളതായ പരിപാടിയും മികവുറ്റതായിരുന്നു. അദ്ദേഹത്തിന്റെ ജീവിത സംഭവ ങ്ങൾ ഒരു കഥ രൂപേണ ദൃശ്യചാരുതയോടെയാണ് അതിൽ പകർത്തിയിരുന്നത്. മഹത്വ്യക്തികളെക്കുറിച്ചുള്ള ഇങ്ങനെയുള്ള പരിപാടികൾ സംഭാഷണങ്ങ ളെല്ലാം കൂടി ഉൾപ്പെടുത്തി അവതരിപ്പിച്ചാൽ കൂടുതൽ നന്നായിരിക്കും. അതു പോലെ തന്നെ നിലവാരം പുലർത്തിയ പരിപാടികളായിരുന്നു 'സർഗ്ഗതീരത്ത് ഇന്ദ്രധനുസ്സുമായി' എന്നുള്ള വയലാർ രാമവർമ്മയെക്കുറിച്ചുള്ളതും കേരള

ത്തിലെ മഹത്വ്യക്തികൾ എന്ന വിഭാഗത്തിൽപ്പെടുന്ന വക്കം അബ്ദുൾഖാദറിനെപ്പറ്റിയുള്ളതും.

പവർ ലൈറ്റിന്റെ സോഴ്സസും ആപ്ലിക്കേഷനും എന്നതിനെക്കുറിച്ച് ഒരു കുട്ടി അവതരിപ്പിച്ച പരിപാടിയിലൂടെ അറിവ് ലഭിക്കുക എന്നതിലുപരി മറ്റു കുട്ടികൾക്ക് അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യാൻ ഒരു പ്രചോദനം കൂടിയായിരുന്നു.

'പാരഡൈസ് ലോസ്റ്റ് ' എന്ന ഷോർട്ട് ഫിലിം വളരെ നിലവാരമുള്ളതായിരുന്നു. അതിന്റെ ആശയം തയ്യാറാക്കിയവർ പ്രത്യേക അഭിനന്ദനമർഹിക്കുന്നു. എങ്ങനെ വീടും പരിസരവും വൃത്തിയാക്കി സൂക്ഷിക്കണമെന്ന് വെറുതെ പറയുക മാത്രമല്ല അത് പ്രവൃത്തിച്ചുകാണിക്കുക കൂടി ചെയ്തത് നല്ല മാതൃകയാണ്. വളരെ നല്ല ഒരു ബോധവത്കരണ പരിപാടിയായിരുന്നു അത്.

ന്യൂസിൽ വിജ്ഞാനപ്രദമായ മറ്റ് വാർത്തകൾ കൂടി ഉൾപ്പെടുത്തിയാൽ നന്നായിരിക്കും.

ആ ദിവസം തന്നെ സംപ്രേഷണം ചെയ്തതാണ് സുനാമി. ഭൂകമ്പം മറ്റ് പ്രകൃതി ക്ഷോഭങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നല്കുന്ന വിജ്ഞാനപ്രദമായ ഒരു പരിപാടി. ഇതും ഒട്ടും പിന്നോട്ട് നിന്നില്ല എന്നു തന്നെ പറയാം.

ഗ്യാലക്സി (ഗ്രഹങ്ങളെക്കുറിച്ചും - ബഹിരാകാശത്തെക്കുറിച്ചുമൊക്കെയുള്ള ഒരു പരിപാടി), സയൻസ് നിത്യജീവിതത്തിൽ (Artificial heart valves - the saviors) The art of murals, Saving sea turtle, The DNA evidence എന്നീ പരിപാടികളും വളരെ നല്ലതായിരുന്നു. എന്നിരുന്നാൽ തന്നെയും ഇതിന്റെയെല്ലാം അവതരണം ഇംഗ്ലീഷിലായതുകൊണ്ടും ഇതിൽ ചില പരിപാടികൾ വളരെ പ്രായം ചെന്നവർ വരെ കാണുമെന്നതുകൊണ്ടും അവർക്ക് ഇത് മനസ്സിലാകാതെ വരാൻ സാധ്യതയുണ്ട്.

തുള്ളികൾ എന്ന പരിപാടിയും വളരെ നല്ലതാണ്. അതിൽ ആവർത്തനം ഒഴിവാക്കിയാൽ നന്നായിരിക്കും. അതുപോലെ തന്നെ നിശബ്ദമായുള്ള സ്ഥലത്തും സമയത്തും ചെറുതായി background music ഇട്ടാൽ കുറച്ചുകൂടി നന്നാവും എന്നു തോന്നുന്നു.

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പ്രോഗ്രാം വളരെ നല്ലതാണ്. കുട്ടികൾക്ക് അത് ശ്രദ്ധിച്ച് ധാരാളം ഇംഗ്ലീഷ് പഠിക്കുവാൻ, വലുതായല്ലെങ്കിലും ചെറിയ ചെറിയ രീതിയിൽ ഇത് വളരെ പ്രയോജനപ്രദമാണ്.

ഇങ്ങനെ ധാരാളം നിലവാരം പുലർത്തുന്ന പരിപാടികളിലൂടെ വളരെ നല്ല രീതിയിൽ മുൻപോട്ട് പോകുവാൻ ഈ ചാനലിന് കഴിയുന്നുണ്ട്. എന്നിരുന്നാൽ തന്നെയും എല്ലായിടത്തും ഇതിന്റെ വേരുകൾ എത്തിയിട്ടില്ല. ഇതിന്റെ പ്രയോജനം ഇനിയും അറിയാത്തവരുണ്ട്. എല്ലാ സ്ഥലങ്ങളിലും ഈ ചാനൽ ലഭ്യമാക്കാനും എല്ലാവരെയും ഇതിനെക്കുറിച്ച് അറിയിക്കേണ്ടതുമായിട്ടുണ്ട്. ഓരോ ക്ലാസ്സിലെ കുട്ടികൾക്ക് തരം തിരിച്ചുള്ള ക്ലാസ്സുകൾ ഉണ്ടെങ്കിൽ വളരെ പ്രയോജനപ്രദമായിരിക്കുകയും ചെയ്യും.